(സി) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം വർദ്ധിപ്പിച്ച് പൊതു കടമെടുപ്പ് പരിധിക്കുള്ളിൽ നിർത്തി സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചു കൊണ്ടുവരാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നുണ്ട്. ഇതിന്റെ ഫലമായി 2005-2006-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 33.56% ആയിരുന്ന പൊതുകടം 2009-2010-ൽ 30.81% ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

വഖഫ് ഭൂമിയുടെ ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി

131 (T 1719) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ഭൂമിയുടെ ആധാരങ്ങൾക്ക് ഇപ്പോൾ രണ്ടര ശതമാനം നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ ഒഴിമുറി ആധാരങ്ങൾക്കും ഭാഗപത്രാധാരങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഒരു ശതമാനമായി കുറച്ച സാഹചര്യത്തിൽ വഖഫാധാരങ്ങളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നൊഴിവാക്കുകയോ അല്ലെങ്കിൽ ഡ്യൂട്ടി ഒരു ശതമാനമായി കുറയ്ക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 51(എ)(ii) അനുസരിച്ചുള്ള ധനനിശ്ചയാധാരങ്ങൾക്ക് 5% നിരക്കിൽ മുദ്രവില ആവശ്യമാണ്. എന്നാൽ മതപരമായും ധർമ്മാർത്ഥമായും ചമയ്ക്കുന്ന ധനനിശ്ചയാധാരങ്ങൾക്കും, ദാനാധാരങ്ങൾക്കും ഈടാക്കേണ്ട മുദ്രവില പകുതിയായി കുറച്ചുകൊണ്ട് 15-4-1964-ലെ G.O.(MS)265/64/Rev. നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് വഖഫ് ആധാരങ്ങൾക്ക് 2.5% നിരക്കിൽ മുദ്രവില ഈടാക്കേണ്ടതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വാണിജ്യ വകുപ്പിന്റെ കാര്യക്ഷമത

132 (1720) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നവീകരണ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നവീകരണ പദ്ധതി ഫലപ്രാപ്തിയുണ്ടാക്കിയെന്ന് കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരണം നൽകുമോ ;

(സി) സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ വന്ന വർദ്ധന എപ്രകാര മാണെന്ന് വ്യക്തമാക്കുമോ ; എത്രമാത്രം വർദ്ധിച്ചു എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരവധി നവീകരണ പ്രവർത്തനങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായി ഇ ഫയലിംഗ്, ഇ പേമെന്റ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കി. നിയമാനുസൃത ഫാറങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഓൺലൈൻ മുഖേന വാറ്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. എല്ലാ വിണിജ്യ നികുതി വകുപ്പ് ഓഫീസുകളും പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജുകൾ, ഫൈബർ ലാമ്പുകൾ, ജനറേറ്ററുകൾ തുടങ്ങിയവ സ്ഥാപിച്ച് ആധുനികവത്കരിച്ചു. അഴിമതി തടയുന്നതിന്റെ ഭാഗമായി, പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളായ അമരവിള, വാളയാർ, ജംഗ്രമഞ്ചേശ്വരം എന്നിവിടങ്ങളിൽ അഴിമതിരഹിത പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി മേൽപ്പറഞ്ഞ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം, ഭക്ഷണസൗകര്യം എന്നിവ നൽകി.

(ബി) നടപ്പിലാക്കിയ നവീകരണ പദ്ധതികൾ എല്ലാം തന്നെ ഫലപ്രാപ്തിയുണ്ടാക്കിയിട്ടുണ്ട്. ഇ-പേമെന്റ് സംവിധാനത്തിലൂടെ വ്യാപാരികൾ അടയ്ക്കുന്ന നികുതി തത്സമയം തന്നെ ഖജനാവിലേയ്ക്ക് എത്തിച്ചേരുന്നു. ഇ-ഫയലിംഗ് സംവിധാനം ലളിതവും സുതാര്യവുമാണ്. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടിണി വഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. ഇത് നികുതി ചോർച്ച തുടയുന്നതിന് സഹായിക്കുന്നു. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതിലൂടെ ചെക്ക്പോസ്റ്റുകൾ വഴി കടന്നു പോകുന്ന വാഹനങ്ങളുടെയും ചരക്കുകളുടെയും വിശദവിവരങ്ങൾ ഉടൻ തന്നെ നികുതി നിർണ്ണയ അധികാരികൾക്ക് ലഭ്യമാകുന്നു. അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ കൈക്കൂലി, മാമൂൽ തുടങ്ങിയവ പൂർണ്ണമായും ഇല്ലാതാക്കുവാൻ കഴിഞ്ഞു.

(സി) 30-11-2010-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിലെ വരുമാനത്തിൽ 1789.07 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തേക്കാൾ 23% കൂടുതൽ ആണ്.

മലബാർ ഉത്തേജക പാക്കേജ്

133 (1722) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഉത്തേജക പാക്കേജ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ എന്തു തുകയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് ഏതെല്ലാം പദ്ധതികൾ വിഭാവനം ചെയ്തു ; അതിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly